(ബി) വിദഗ്ധ സമിതികൾ തദ്ദേശ സ്ഥാപനങ്ങളുടെ ഭരണപരമോ, വികസനപരമോ ആയ യാതൊരു കാര്യങ്ങളിലും ഇടപെടാറില്ല. തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിച്ചു നൽകുന്ന പദ്ധതി രേഖകളും പ്രോജക്ടുകളും പരിശോധിച്ച് നിർവ്വഹണ യോഗ്യമാക്കുക, പ്രോജക്ടുകളുടെ സാങ്കേതിക ഘടന വിശകലനം ചെയ്ത് സാങ്കേതിക അനുമതി നൽകുക എന്നിവയാണ് ഈ സമിതികളുടെ ചുമതല. ഈ രീതിയിൽ ഈ സമിതികൾ തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രണ നിർവ്വഹണ കാര്യങ്ങളിൽ സഹായിക്കുകയാണ് ചെയ്യുന്നത്. ഈ സമിതികളെ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവനുസരിച്ചാണ് രൂപീകരിച്ചിട്ടുള്ളത്.

(സി) ഒന്ന്.

21 (645) 9-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം നേടുന്നതിന് സർക്കാർ ഇതുവരെ കൈക്കൊണ്ടിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 9-ാം പഞ്ചവത്സര പദ്ധതിയിൽ കൈവരിക്കേണ്ട നേട്ടങ്ങൾ ദേശീയ ശരാശരിയിൽ എത്തുന്നതിനുവേണ്ടി എന്ത് അധികവിഭവ സമാഹരണം സംസ്ഥാനം ഒറ്റയ്ക്ക് നടത്തേണ്ടതുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് പൊതുമേഖല, സ്വകാര്യ മേഖല എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതിനായി സർക്കാർ ഏതെല്ലാം രീതിയിലാണ് മൂലധനം സ്വരൂപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്നും അതിന്റെ പ്രവർത്തന പുരോഗതി എത്രയെന്നും വെളിപ്പെടുത്തുമോ;

(ഇ) സ്വകാര്യ മേഖലയിലെ നിക്ഷേപം ലഭ്യമാക്കുന്നതിനു മറുനാടൻ മലയാളികൾ മുന്നോട്ടു വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒൻപതാം പദ്ധതിക്കാലത്ത് പ്രതിശീർഷ വരുമാനം ദേശീയതലത്തിലേതിനോട് തുല്യമാകണമെങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയതലത്തിൽ ലക്ഷ്യമിട്ടിട്ടുള്ള ഏഴു ശതമാനം കവിഞ്ഞിരിക്കണമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഓരോ വാർഷിക പദ്ധതിയിലും ഉത്പാദനോന്മുഖമായ പരിപാടികൾക്ക് ആവശ്യമായ തുക നീക്കിവയ്ക്കുകയും അവയുടെ പൂർത്തീകരണത്തിന് ഊന്നൽ നൽകുകയും ചെയ്തിട്ടുണ്ട്. ജലസേചനം, വൈദ്യുതി ഉത്പാദനം, വ്യാവസായിക പശ്ചാത്തല സൗകര്യങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് ആർ.ഐ.ഡി.എഫ്. പോലുള്ള സ്രോതസ്സുകളിൽനിന്നും ധനസഹായം ലഭ്യമാക്കിക്കൊണ്ട് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ 40 ശതമാനം തുകയെങ്കിലും ഉത്പാദന മേഖലയ്ക്ക് നീക്കിവയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) ഒൻപതാം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് മൊത്തം 52,000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാകണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 16,100 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതമായും 7,000 കോടി രൂപ കേന്ദ്രം മുതൽമുടക്കായും 28,900 കോടി രൂപ സ്വകാര്യ മേഖലാ നിക്ഷേപമായും ഉണ്ടാകുന്നതാണ്.

(ഡി) പൊതുമേഖലാ സംരംഭങ്ങളിൽനിന്നുള്ള പ്രവർത്തനമിച്ചം, എൽ.ഐ.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ചെറുകിട സമ്പാദ്യത്തിൽനിന്നുള്ള വിഹിതം, പ്രോവിഡന്റ് ഫണ്ട്, മറ്റ് നിക്ഷേപങ്ങൾ, ഡിബഞ്ചറുകളും ബോണ്ടുകളും എന്നിവയിലൂടെയാണ് പ്രധാനമായും ആവശ്യമായ മൂലധനം സ്വരൂപിക്കുന്നത്. ഒൻപതാം പദ്ധതിയുടെ ഇതുവരെയുള്ള കാലയളവിൽ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന രീതിയിലുള്ള വിഭവ സമാഹരണം നടത്താൻ സാധിച്ചിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

22 (646) ഗാഡ്ഗിൽ ഫോർമുല അനുസരിച്ച് ലഭിക്കേണ്ട കേന്ദ്രസഹായം

<u>ശ്രീ. സി.കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഡെവലപ്മെന്റ് കൗൺസിലിനോടോ ഇന്റർ സ്റ്റേറ്റ് കൗൺസിലിനോടോ ആലോചിക്കാതെ ഗാഡ്ഗിൽ ഫോർമുലയിൽ മാറ്റം വരുത്താൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ നീക്കത്തിനെതിരായി സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഗാഡ്ഗിൽ ഫോർമുലയിൽ മാറ്റം വരുത്താനുള്ള തീരുമാനം കേന്ദ്രസർക്കാർ കൈക്കൊണ്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ സെക്രട്ടറി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് 26.5.99-ൽ അയച്ച ഒരു കത്തിൽ, സംസ്ഥാന പദ്ധതിക്കുള്ള കേന്ദ്രസഹായം ഇനിമുതൽ ചില നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും നൽകുന്നതെന്ന് അറിയിച്ചിട്ടുണ്ട്. അതനുസരിച്ച്, 2000 ഏപ്രിൽ മാസത്തോടെ ഒരു പ്രത്യേക നിധി രൂപീകരിക്കുന്നതും ഇതിൽ നിന്നും പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി പ്രവർത്തനപുരോഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് ധനസഹായം നൽകുന്നതുമാണ്. ഇതിനുവേണ്ടി ഒരു ധാരണാപത്രം ഒപ്പു വയ്ക്കേണ്ടതുമാണ്. നാലാം പദ്ധതിക്കാലം മുതൽ തുടർന്നുവരുന്ന രീതിക്കും നാഷണൽ ഡെവലപ്മെന്റ് കൗൺസിലിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾക്കും വിരുദ്ധമായി, 1999 ജൂലൈ മാസം മുതലുള്ള കേന്ദ്രസഹായത്തിന്റെ പ്രതിമാസ ഗഡുക്കൾ നൽകുന്നത് മുൻ മാസത്തെ പദ്ധതിച്ചെലവിൽ കുറവുണ്ടായിരിക്കുക, സാമ്പത്തിക ക്രമക്കേടുകൾ നടക്കുകയും ഈയർമാർക്ക്സ് സ്ക്കീമുകൾക്കുള്ള ചെലവിൽ കുറവുണ്ടായിരിക്കുകയും ചെയ്യുക, കോർസെക്ടറിലെ പദ്ധതിച്ചെലവിൽ

LIBRARY ARCHIVES Kerala Legislative Assembly